പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2072 — 17.12.2012 ൽ മറുപടിക്ക്

## അസം തൊഴിലാളികൾ കേരളം വിട്ട സംഭവം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ടി.എ. റഹീം | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അസമിൽ നിന്നും വന്നിട്ടുള്ള തൊഴിലാളികൾ ആഗസ്റ്റ് മാസത്തിൽ കൂട്ടത്തോടെ കേരളം വിട്ടുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത സംഭവത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;<br>(സി) എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ വിശദമാക്കാമോ ; | (ബി) യും (സി) യും | ഉണ്ട്. ആസാം കലാപത്തെ തുടർന്ന് ആയിരക്കണക്കിന് ആസാം തൊഴിലാളികൾ സംസ്ഥാനം വിട്ടുപോവുകയുണ്ടായി. ഇവരിൽ ഭൂരിഭാഗവും അവരവരുടെ സ്വന്തം നാട്ടിലേക്കാണ് തിരിച്ചുപോയിട്ടുള്ളത്. ആസാം തൊഴിലാളികളെ ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1196/12 u/s 143, 147, 447 r/w 149 IPC ആയി 18.08.2012 ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുൽപ്പറ്റ പഞ്ചായത്തിലെ ഞാവലിങ്ങൽ സെഞ്ചുറി ഹോളോ ബ്രിക്സ് ഫാക്ടറി ജീവനക്കാരായ ആസാം തൊഴിലാളികളെയാണ് അജ്ഞാത സംഘം ഭീഷണിപ്പെടുത്തിയത്. ആസാം കലാപത്തിന്റെ വീഡിയോ ചിത്രം മൊബൈൽ ഫോണിലൂടെ പ്രചരിപ്പിച്ചതിന്റെ പേരിൽ ക്രൈം നമ്പർ 1201/12 U/s. 153(A) of IPC & Sec 66 (A) of IT Act ആയി 20.08.2012 നു മറ്റൊരു കേസും മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തൊഴിലാളികൾക്ക് ഏതെങ്കിലും സംഘടനയിൽ നിന്ന് ഭീഷണിയുണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | എങ്കിൽ ആരിൽ നിന്നാണെന്ന് വ്യക്തമാക്കാമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ